# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 417
20 February 2015



എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമേ! എന്റെ പാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ!

സങ്കീ 51:2

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| നോമ്പുകാലചിന്തകൾ | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| നുറുങ്ങു ചിന്തകൾ | 8 |
| വാർത്തകൾ | 9 |
| അറിയിപ്പുകൾ | 10 |




http://thoolikaa.org

http://thoolikaa.net

**എന്നാൽ, നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും. പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു.**

**മത്തായി 6:6-8**

## മൊഴിമുത്തുകൾ

വീഴ്ച്ചയ്ക്കുശേഷം ഉടനെ എഴുന്നേൽക്കുക.
ഒരു നിമിഷത്തേയ്ക്കുപോലും പാപം നിങ്ങളുടെ ഹൃദയത്തിൽ വെച്ചു താമസിപ്പിക്കരുത്

വിശുദ്ധ ജോൺ വിയാനി
(1786-1859)

# നോമ്പിന്റെ നന്മകൾ

നോമ്പിന്റെ പുണ്യദിനങ്ങളിലൂടെ കടന്നുപോവുകയാണല്ലോ നാമെല്ലാവരും. നമ്മിലുള്ള തിന്മയുടെ സ്വാധീനശക്തികളെ ചെറുത്തു തോല്പിക്കുവാനും, ആത്മീയവും ഭൗതികവുമായ പോരായ്മകളെ തിരിച്ചറിയുവാനും പരിഹരിക്കുവാനുമുള്ള ഒരു അവസരം കൂടിയാണിത്.

പ്രാർത്ഥന എന്നത് ഒരു സ്നേഹസംഭാഷണമാണ്.**'അവൻ പുറത്തുവന്ന് പതിവുപോലെ ഒലിവുമലയിലേക്കു പോയി'**(ലൂക്കാ 22:39). ദൈവപുത്രനായ ക്രിസ്തുവിന് ഇങ്ങനെ പതിവായി പ്രാർത്ഥിക്കേണ്ട എന്തെങ്കിലും ആവശ്യം ഉണ്ടോ? രണ്ടു സുഹൃത്തുക്കൾ തമ്മിലുള്ള സംസാരത്തിൽ ഒരു വിഷയം ഉന്നയിച്ചത് ഇപ്രകാരമാണ്; ദൈവത്തോട് അധികസമയം പ്രാർത്ഥിക്കേണ്ട ഒരു കാര്യവുമില്ല, ഏറിയാൽ ഒരു അഞ്ചു മിനുട്ട് അതുതന്നെ ധാരാളം!. ക്രിസ്തു പതിവുപോലെ ഏകാന്തതയിൽ തന്റെ പിതാവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. നമ്മിൽ പലരും ആവലാതികളും പരിഭവവും മാത്രം പറഞ്ഞു തീർക്കുവാനുള്ള ഒരു അവസരമായി പ്രാർത്ഥനയെ കാണുന്നു. നല്ല സ്നേഹബന്ധമുള്ളവർ തമ്മിൽ എത്ര അടുത്തു സമയം ചിലവഴിച്ചാലും മടുപ്പു തോന്നില്ല . ഈശോയെ എല്ലാറ്റിനും ഉപരിയായി സ്നേഹിക്കുന്നവർ അവിടുത്തോടു കൂടെയായിരിക്കുവാൻ എപ്പോഴും ആഗ്രഹിക്കും.

നമ്മിലുള്ള അകൃത്യങ്ങളെ കഴുകി വെണ്മയുള്ളതാക്കി തീർക്കുവാൻ ഈ നോമ്പുകാലം വിനിയോഗിക്കാം. മാനുഷിക ബലഹീനതമൂലം പാപസാഹചര്യത്തിൽ വീണുപോയേക്കാം എന്നു കരുതി ആ സാഹചര്യത്തിൽ തുടരുന്നത് ശരിയല്ല. നമ്മളെല്ലാവരും ദിവസവും ഒന്നും രണ്ടും പ്രാവശ്യം കുളിച്ചു ദേഹശുദ്ധി വരുത്തുന്നവരാണ്. കുളി കഴിഞ്ഞാലും കുറച്ചു സമയത്തിനകം തന്നെ മാലിന്യങ്ങൾ ശരീരത്തിൽ വീണ്ടും വന്നുകൂടും എന്നുകരുതി ആരും കുളിക്കാതിരിക്കില്ല, കാരണം നമുക്കറിയാം, കുളിച്ചില്ലെങ്കിൽ ശരീരത്തിൽ നിന്ന് ദുർഗന്ധം വമിച്ച് നമുക്കും ചുറ്റുപാടുമുള്ളവർക്കും അതുദോഷം ചെയ്യുമെന്ന്. മണ്ണിനോട് കൂടിചേരുവാനുള്ള നമ്മുടെ ഭൗതിക ശരീരത്തിന് ഇത്രമാത്രം പ്രാധാന്യം കൊടുക്കുന്നെങ്കിൽ നിത്യതയിലെത്തിചേരേണ്ട നമ്മുടെ ആത്മാവിനെ എത്രമാത്രം വിലപ്പെട്ടതായി കരുതണം . ആത്മാവിനെ പരിപോഷിപ്പിക്കുവാനായി നിരന്തര പ്രാത്ഥനയിലൂടെയും കൗദാശിക ജീവിതത്തിലൂടെയും ദൈവം ആഗ്രഹിക്കുന്ന രീതിയിലുള്ള സത്കർമ്മങ്ങളിലൂടെയും മുന്നേറാം. സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രയാണം ജീവിതാവസാനം വരെ നിലനിൽക്കുവാനായി നമുക്ക് പ്രാർത്ഥിക്കാം, അതിനായി പരിശ്രമിക്കാം.ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ .

സ്നേഹപൂർവ്വം,<br>
**ഷാബു ചുമ്മാർ**<br>
Mob. 055 4960319

ലേഖനം

പ്രിയ ജോസഫ്



# നോമ്പുകാല ചിന്തകൾ

വീണ്ടുമൊരു നോമ്പുകാലം കൂടി വരവായി. കരിക്കുറി പെരുന്നാൾ, ഉപവാസം, പ്രാർത്ഥന, കുരിശിന്റെ വഴി ഒടുവിൽ ദുഃഖവെള്ളിയും, തുടർന്ന് ഉയർപ്പ് പെരുന്നാളും. എത്രയോ തവണ ഇതെല്ലാം എന്റെയും നിങ്ങളുടെയും ജീവിതത്തിലൂടെ കടന്ന് പോയതാണ്. ഇത്തവണയും ഇതെല്ലാം വരും, പോകും. അങ്ങിനെ വരികയും പോകുകയും ചെയ്താൽ മാത്രം മതിയോ? ഞാനും നിങ്ങളും ഇതിന്റെയെല്ലാം അഗാധമായ അർത്ഥതലങ്ങളിലേക്ക് നോക്കേണ്ട കാലമായി എന്ന തോന്നലുള്ളവർക്ക് വേണ്ടി കുറച്ച് ചിന്തകൾ പങ്ക് വയ്ക്കുകയാണ്.

കുഞ്ഞുനാളിലെ നിങ്ങളെപ്പറ്റി നിങ്ങൾ എപ്പോഴെങ്കിലും ഓർക്കാറുണ്ടോ? എത്രമാത്രം നിഷ്കളങ്കതയായിരുന്നു നമുക്ക്, എത്രമാത്രം കൗതുകത്തോടെയാണ് നാം ഓരോ കാര്യവും ചെയ്തിരുന്നത്. ആരോടും വലിയ പിണക്കങ്ങളില്ലാത്ത, പൊടുന്നനെ മായുന്ന കൊച്ചു കൊച്ചു പരിഭവങ്ങൾ മാത്രമുള്ളവരായിരുന്നു നമ്മിൽ പലരും. വളരുന്നതിനനുസരിച്ച് നമ്മുടെ പ്രശ്നങ്ങളും വലുതായി. സഭാപ്രസംഗകന്റെ പുസ്തകത്തിൽ വായിക്കുന്നത് പോലെ **"ദൈവം മനുഷ്യനെ സരള ഹൃദയനായി സൃഷ്ടിച്ചു. സങ്കീർണ്ണമായ പ്രശ്നങ്ങൾ അവന്റെ തന്നെ സൃഷ്ടിയാണ്"** എത്രയോ ശരിയാണിത്.

ഇത്തവണത്തെ നോമ്പുകാലം ജീവിതത്തിൽ വ്യതിയാനം വേണമെന്നാഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടത് ആ കുഞ്ഞുനാളിലുണ്ടായിരുന്ന ഹൃദയനന്മയിലേക്ക് തിരിച്ച് നടക്കണം. ആ സരള ഹൃദയത്തെ കണ്ടെത്താനൊരു മടക്കയാത്ര വേണം. നമുക്ക് ഓരോരുത്തർക്കും പരമപ്രധാനമായി വേണ്ടത് ഇതാണ്, വിട്ടുകളഞ്ഞ പല നന്മകളെയും, നല്ല ശീലങ്ങളെയും തിരിച്ച് പിടിക്കാനുള്ള മനസ്സ്. കുഞ്ഞുങ്ങളെപ്പോലെയൊന്ന് ചിരിക്കാനും, അപ്പന്റെ കൈ പിടിച്ച കുഞ്ഞ് ആകുലതകളില്ലാതെ നടക്കുമ്പോലുള്ള ഒരു സ്വസ്ഥതയും നിങ്ങളിലരാണ് കാംക്ഷിക്കാത്തത്.

രണ്ടാമതായി ഗാഢമായി ചിന്തിച്ച് കണ്ടെത്തണം. എന്റെ ഹൃദയത്തിൽ എവിടെയെല്ലാം, ആരോട്, എന്തിന് വേണ്ടിയാണ് വെറുപ്പും, വിദ്വേഷവും, പരിഭവവും, അസൂയയും, കുടിലതയും ജഢികതാൽപര്യങ്ങളും, അത്യാഗ്രഹവും, നിഗളവും എല്ലാം ഒളിപ്പിച്ച് വച്ചിരിക്കുന്നത് എന്ന്.

പലപ്പോഴും ഇതിന്റെയെല്ലാം മൂലകാരണം കണ്ടെത്തുമ്പോൾ നാം തന്നെ ലജ്ജിക്കാനാണ്

സാദ്ധ്യത. കാരണം ഏറ്റം നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങൾക്ക് മേൽ പണിയപ്പെട്ടതാണ് മിക്കവരുടെയും സങ്കീർണ്ണപ്രശ്നങ്ങൾ.

മൂന്നാമതായി, കണ്ടെത്തലുകൾക്ക് ഒടുവിൽ ഒരു മടക്കയാത്രയുണ്ടാകണം. ക്ഷമിക്കാനും, എഴുതിത്തള്ളാനും, മറന്നുകളയാനും, ഉൾക്കൊള്ളാനുമുള്ള ഒരു വെമ്പൽ, ഈയൊരു ചെറിയ ആഗ്രഹം മാത്രം മതി. തമ്പുരാനത് കണ്ട് ബാക്കിയുള്ളത് കൂട്ടിചേർത്ത് തരും. അതേ, എനിക്കാഗ്രഹമുണ്ടെങ്കിൽ ക്ഷമിക്കാനുള്ള കൃപ യേശുവെന്നിൽ ചൊരിയും.

ഈ നോമ്പുദിനങ്ങൾ ഞാൻ എന്നിലെ എന്നെ കണ്ടെത്താനും ഒരു കുഞ്ഞിന്റെ തുറവിയോടെ അപരനെ സ്നേഹിക്കാനും തയ്യാറാകുമ്പോൾ കുരിശിൽ എനിക്കായി മരിച്ചവൻ എന്നെ പ്രതി സന്തോഷിക്കും. അവന്റെ ഉയിർപ്പ് എന്റെ ജീവിതത്തിൽ അന്വർത്ഥമാവുകയും ചെയ്യും. പാപം നിറഞ്ഞ പഴയമനുഷ്യനെ ഉരിഞ്ഞ് മാറ്റി മറ്റൊരു ക്രിസ്തുവായി ജീവിക്കുവാൻ എന്നെ ഒരുക്കണമെ യേശുനാഥാ, ആമ്മേൻ.

## ലോകസുവിശേഷവത്കരണ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം!

മണിപ്പൂരിലെ മാറാം ഭാഷയിൽ ബൈബിൾ ലഭ്യമാക്കാൻ സഹായിക്കാമോ? ഫാ. വർഗ്ഗീസ് എന്ന മിഷനറി വൈദീകന്റെ ചോദ്യം ദൈവസ്വരമായി ഏറ്റെടുത്ത ഒരുകൂട്ടം ചെറുപ്പക്കാർ ആറു മാസത്തിനുള്ളിൽ ലിപിപോലുമില്ലാത്ത മാറാം ഭാഷയിൽ ബൈബിൾ തർജ്ജമ ചെയ്ത് പ്രിന്റ് വിതരണം ചെയ്തു. **ഫിയാത്ത് മിഷൻ** എന്ന പേരിൽ തുടങ്ങിയ ആ സംരംഭം ആസാമിലെ കർബി, ഒറിയ, അരുണാ ചൽപ്രദേശിൽ തന്നെയുള്ള നിഷി, ബംഗാളി തുടങ്ങിയ ഭാഷകളിലും ഹിന്ദി ഭാഷയിലും ഇതിനോടകം നിരവധി ബൈബിളുകൾ നിർമ്മിച്ച് വിതരണം ചെയ്തു കഴിഞ്ഞു. ദൈവ വചനം ഇനിയും എത്തിയിട്ടില്ലാത്ത ഇടങ്ങളിൽ അവരവരുടെ ഭാഷയിൽ ബൈബിൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സാമ്പത്തിക ബാധ്യത കണക്കിലെടുക്കാതെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയുമാണ് ഫിയാത്ത് മിഷൻ.

ഫിയാത്ത് മിഷന്റെ ശുശ്രൂഷകളിൽ കുട്ടികളെയും മുതിർന്നവരേയും പങ്കുകാരാക്കാനുള്ള പദ്ധതി നടപ്പിലാക്കിയിരിക്കുന്നു. ഉപയോഗം കഴിഞ്ഞ്, ശേഖരിക്കപ്പെട്ട നോട്ടുബുക്കുകൾ ഉത്തരവാദപ്പെട്ടവരുടെ അറിയിപ്പ് ലഭിക്കുമ്പോൾ ഫിയാത്ത് മിഷൻ അംഗങ്ങൾ അതാതു സ്ഥലങ്ങളിൽ വന്ന് ശേഖരിക്കും. അവ പേപ്പർ കമ്പനികളിലേല്പ്പിക്കുമ്പോൾ തുല്യവിലയ്ക്ക് ബൈബിൾ പ്രിന്റ് ചെയ്യുന്നതിനുള്ള പേപ്പർ ഫിയാത്ത് മിഷന് നൽകും. ചുരുക്കത്തിൽ ഒരാൾ കൈമാറുന്ന ഉപയോഗശൂന്യമായ പഴയ നോട്ട് ബുക്ക് ബൈബിളായി രൂപാന്തരപ്പെട്ട് വചനത്തിനായി ദാഹിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ കൈയ്യിൽ എത്തിച്ചേരും.

സ്വീറ്റലി എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിലുള്ള ടീമാണ് ഫിയാത്ത് മിഷന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത്. ബിഷപ്പ് ചാക്കോ തോട്ടുമാരിക്കൽ എസ്.വി.ഡി, ബിഷപ്പ് മാർ ബോസ്ക്കോ പുത്തൂർ എന്നിവരാണ് ഫിയാത്ത് മിഷന്റെ രക്ഷാധികാരികൾ. ഫാ.ജോസഫ് അന്തിക്കാട്ട് ആത്മീയ പിതാവായി ശുശ്രൂഷ ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 09349421593

## രോഗികളുടെ മധ്യസ്ഥ

# വിശുദ്ധ കാതറീൻ റിച്ചി



ഇറ്റലിയിലെ ഫ്ളോറൻസിൽ ജനിച്ച കാതറീൻ റിച്ചി ഏറെ പ്രത്യേകതകളുള്ള ഒരു വിശുദ്ധയാണ്. കൈക്കുഞ്ഞായിരിക്കുമ്പോൾ തന്നെ അമ്മ മരിച്ചു. പിന്നീട് തലതൊട്ടമ്മയാണ് കാതറീനെ വളർത്തിയത്. പക്ഷെ കാതറീന്റെ യഥാർത്ഥ അമ്മ ദൈവമാതാവായിരുന്നു. പരിശുദ്ധ കന്യാമറിയത്തോടുള്ള ഭക്തിയായിരുന്നു അവളുടെ കരുത്ത്. അമ്മയില്ലാതെ വളരുന്നതിന്റെ വേദനകൾ അവൾ പങ്ക് വച്ചത് തന്റെ കാവൽമാലാഖയോടാണ്. കന്യാമറിയത്തോടുള്ള ജപമാല ചൊല്ലുവാൻ അവളെ പഠിപ്പിച്ചതും കാവൽമാലാഖയായിരുന്നു.

ആറാം വയസ്സിൽ കാതറീൻ തന്റെ ഒരു അമ്മായിയുടെ ചുമതലയിലുള്ള കോൺവന്റ് സ്കൂളിൽ ചേർന്നു. ഈ സ്കൂളിലെ അന്തരീക്ഷം അവളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു. ഒരു കന്യാസ്ത്രീയായി ജീവിക്കുവാൻ കാതറീൻ തീരുമാനമെടുത്തു. എന്നാൽ അവളുടെ പിതാവ് പീറ്റർ ഈ തീരുമാനത്തെ ശക്തമായി എതിർത്തു. കാതറീൻ തീവ്രമായി ഉപവസിച്ച് പ്രാർത്ഥിച്ചു, ഇതോടെ കാതറീൻ രോഗബാധിതയായി. പീറ്റർ മകളുടെ തീരുമാനത്തിന് സമ്മതം കൊടുക്കുന്നതുവരെ രോഗങ്ങൾ കാതറീനെ അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ ഡൊമിനിക്കൻ സന്യാസ സമൂഹത്തിൽ കാതറീൻ ചേർന്നു. എപ്പോഴും ഒറ്റക്കിരുന്ന് പ്രാർത്ഥിക്കുവാൻ കാതറീൻ ശ്രമിച്ചിരുന്നു. തുടർച്ചയായി ദർശനങ്ങൾ ഉണ്ടായിക്കൊണ്ടിരിന്നു. ചിലപ്പോഴൊക്കെ ആത്മീയ നിർവൃതിയിൽ സ്വയം മറന്ന് പോകുന്ന അവസ്ഥയായിരുന്നു. മറ്റ് കന്യാസ്ത്രീകൾ ആദ്യമൊക്കെ കാതറീന്റെ ഈ അവസ്ഥയെ തെറ്റിദ്ധരിച്ചു. ജോലി ചെയ്യാതിരിക്കാനുള്ള തന്ത്രമായിട്ടാണ് അവരിൽ പലരും ഇതിനെ കണ്ടത്. കാതറീനാവട്ടെ, ഇത്തരം ദർശനങ്ങൾ ഹർഷോന്മാദവും, തന്നെപ്പോലെ മറ്റുള്ളവർക്കും ഉണ്ടാകുന്നുണ്ടെന്നും കരുതി. ഒരിക്കൽ യേശുനാഥൻ ഒരു മോതിരം കാതറീന് സമ്മാനിച്ചതായി വിശ്വസിക്കപ്പെടുന്നു.

യേശുവിന്റെ ശരീരത്തിലെ പോലെ അഞ്ചു തിരുമുറിവുകൾ കാതറീന്റെ ശരീരത്തിലും ഉണ്ടായിരുന്നു. ഇരുപതാം വയസ്സുമുതൽ തുടർച്ചയായി 12 വർഷം കാതറീന്റെ ശരീരത്തിൽ ഇതു പ്രത്യക്ഷപ്പെടുമായിരുന്നു. 1542ലെ ഒരു നോമ്പ്കാലത്ത് യേശുവിന്റെ കുരിശുമരണത്തെ ധ്യാനിച്ചുകൊണ്ടിരിക്കെ അവളുടെ ശരീരത്തിൽ നിന്നും രക്തം ധാരധാരയായി ഒഴുകി. കടുത്ത വേദന അനുഭവപ്പെട്ടു. കാതറീൻ രോഗബാധിതയായി കിടപ്പിലായി. ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു മഗ്ദലനാ മറിയവുമായി സംസാരിക്കുന്ന രംഗം സ്വപ്നത്തിലൂടെ കണ്ടതോടെ കാതറീൻ വീണ്ടും ആരോഗ്യവതിയായി. ഈ സംഭവം കേട്ടറിഞ്ഞ് നിരവധി ആളുകൾ മഠത്തിനു മുമ്പിൽ തടിച്ച് കൂടി. അഞ്ച് തിരുമുറിവുകളോടു കൂടിയ കാതറീനെ ദർശിച്ചമാത്രയിൽ പലരുടെയും രോഗങ്ങൾ മാറി, വിശ്വാസം ശക്തിപ്പെട്ടു. അന്ന് കാതറീനെ

# നിങ്ങളുടെ സംശയം, സഭയുടെ ഉത്തരം

യുകാറ്റ് കോർണർ

## എന്താണ് പ്രായശ്ചിത്തം?

**ചെയ്തുപോയ കുറ്റത്തിന് പരിഹാരം ചെയ്യലാണ് പ്രായശ്ചിത്തം. പ്രായശ്ചിത്തം എന്റെ തലച്ചോറിൽ മാത്രമായിരിക്കരുത്. അത് ഞാൻ പരസ്നേഹപ്രവൃത്തികൾ വഴിയും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം വഴിയും പ്രകടിപ്പിക്കണം. പ്രാർത്ഥന, ഉപവാസം, ദരിദ്രരെ ആത്മീയമായും ഭൗതീകമായും സഹായിക്കൽ എന്നിവ വഴിയും പ്രായശ്ചിത്തം ചെയ്യാം (1434 -1439)**

പ്രായശ്ചിത്തം മിക്കപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്നു. തന്നെത്തന്നെ തരംതാണവനായി കരുതുക, ശങ്കാകുലമായ മനസ്സാക്ഷിയുണ്ടായിരിക്കുക എന്നിവയുമായി പ്രായശ്ചിത്തിനു യാതൊരു ബന്ധവുമില്ല. ഞാൻ എത്ര മോശക്കാരനാണ് എന്ന് ചിന്തിച്ച് ആകുലപ്പെട്ടുകൊണ്ടിരിക്കലല്ല പ്രായശ്ചിത്തം. പ്രായശ്ചിത്തം നമ്മെ സ്വതന്ത്രരാക്കുന്നു. പുതുതായി തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കുന്നു.

## വിശുദ്ധരുടെ ജീവിതങ്ങൾ. . . തുടർച്ച

കാണാൻ തടിച്ചു കൂടിയവരിൽ മൂന്ന് പേർ പിന്നീട് കത്തോലിക്ക സഭയുടെ മാർപ്പാപ്പ പദവിയിലെത്തി. പോപ്പ് മാർസിലെസ് രണ്ടാമൻ, പോപ്പ് ലിയൊ, പോപ്പ് ക്ലെമന്റ് എട്ടാമൻ എന്നിവരായിരുന്നു അവർ. 1590ൽ കാതറീൻ മരിച്ചു. 1746ൽ പോപ്പ് ബെനഡിക്ട് പതിനാലാമൻ കാതറീനെ വിശുദ്ധയായി പ്രഖ്യാപിച്ചു. മാറാരോഗങ്ങളും മുറിവുകളും ഉണ്ടാകുമ്പോൾ കാതറീന്റെ മധ്യസ്ഥത വഴി സുഖം പ്രാപിക്കാമെന്ന വിശ്വാസം അവളുടെ മരണശേഷം ശക്തിപ്പെട്ടു.

**പ്രാർത്ഥന:**

ദൈവമായ കർത്താവേ, അവിടുത്തെ വാൽസല്യപുത്രി കാതറീന്റെ മധ്യസ്ഥത വഴിയായി ഞങ്ങൾ യാചിക്കുന്ന ഈ അപേക്ഷ കേൾക്കേണമേ. അങ്ങ് കുരിശിൽ കിടന്ന് കൊണ്ട് അനുഭവിച്ച വേദനകൾ സന്തോഷത്തോടെ സ്വീകരിച്ച് ഏറ്റവും വിശുദ്ധയായി ജീവിച്ച കാതറീനെ അങ്ങ് ഓർക്കണമേ, പാപികളാണെങ്കിലും ഞങ്ങൾ അങ്ങയുടെ കരുണ യാചിക്കുന്നു. യേശുനാഥാ ഞങ്ങളെ സ്വീകരിക്കണമേ..

ആമ്മേൻ

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു.**

**അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.**

മർക്കോസ് 1:15

# ആഘോഷങ്ങൾ ആഢംബരങ്ങളാകുമ്പോൾ

പ്രവാസികളായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ജീവിതത്തിലെ ആഘോഷങ്ങൾ ചില പ്പോഴൊക്കെ അത്യാഢംബരത്തിലേക്ക് വഴിമാറാറുണ്ട്. പ്രത്യേകിച്ച് മാമ്മോദീസ, ആദ്യകുർബ്ബാന, വിവാഹം മുതലായ കൂദാശസ്വീകരണങ്ങൾ.

ഈ മരുഭൂമിയിലെ കൊടും ചൂടിനോട് പടവെട്ടി നാം സമ്പാദിക്കുന്ന പണവും, ചിലപ്പോൾ കടം വാങ്ങിയും നാം നമ്മുടെ ആഘോഷങ്ങളുടെ മോടി കൂട്ടാനായി യാതൊരു സങ്കോചവു മില്ലാതെ ചിലവഴിക്കും. നമ്മുടെ വലിപ്പവും, പത്രാസും നാട്ടുകാരെ കാണിക്കാൻ ഇതുകൊണ്ട് കഴിയും എന്ന് നാം വിചാരിക്കുന്നു. എന്നാൽ സത്യത്തിൽ എന്താണ് സംഭവിക്കുന്നത്? നാം വലിയ സാമ്പത്തിക പ്രതിസന്ധികളിൽ അകപ്പെടുന്നു. മാത്രമല്ല ജീവിതം ആകെ താളം തെറ്റുന്നു. കൂടാതെ ദൈവത്തിന്റെ പ്രസാദവരം നമ്മിലേക്ക് ചൊരിയപ്പെടുന്ന കൂദാശസ്വീകരണങ്ങളിൽ മദ്യവും ധൂർത്തും മൂലം അതിന്റെ ആത്മീയ ആനന്ദം നമുക്ക് അനുഭവിക്കാൻ സാധിക്കാതെ വരുന്നു. കൂദാശകൾ വെറും ചടങ്ങായി മാറുന്നു.

ഇതേ അവസരത്തിൽ നാം കണ്ടിട്ടും കാണാതെ പോകുന്ന ഒരുപാട് മുഖങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഒരു നേരത്തെ ആഹാരത്തിന് വഴിയില്ലാത്തവർ, ഫീസടക്കാനില്ലാതെ പഠനം മുടങ്ങുന്ന കുട്ടികൾ, ചോർന്നൊലിക്കുന്ന കൂരക്ക് കീഴെ അന്തിയുറങ്ങുന്നവർ അങ്ങനെ ഒരുപാട് ആളുകൾ. ഇവരെയെല്ലാം സഹായിക്കാൻ നമുക്ക് കഴിയില്ല എന്നാലും നമ്മുടെ ആഘോഷങ്ങൾക്ക് നാം അമിത മായി ചിലവഴിക്കുന്ന തുകയിൽനിന്ന് ചെറിയൊരു വീതം കൊണ്ട് ഇവരിൽ ആരുടെയെങ്കിലും കണ്ണീരൊപ്പാൻ കഴിഞ്ഞെന്ന് വരാം. അങ്ങനെ നമ്മുടെ ജീവിതത്തിലെ ആഘോഷങ്ങൾക്ക് പൂർണ്ണ മായ അർത്ഥം കൈവരും. ഇനിയെങ്കിലും നമ്മുടെ ജീവിതത്തിലെ ആഘോഷ വേളകളിൽ ഒരാളെയെങ്കിലും സഹായിക്കാം എന്ന ഉറച്ച തീരുമാനം നമുക്ക് എടുക്കാം.

അങ്ങനെ അവസാന വിധിയിൽ പ്രഭാപൂർണ്ണനായ രാജാവ് നമ്മോടും അരുളിച്ചെയ്യും, **എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്റെ ഏറ്റവും എളിയ ഈ സഹോദരൻ മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത് .** (മത്തായി 25:34 -40)

## അവർ ക്രിസ്തുവിന്റെ രക്തസാക്ഷികൾ: പോപ് ഫ്രാൻസീസ്

മരണത്തിലേയ്ക്ക് തലനീട്ടുമ്പോൾ ഇരുപത്തൊന്നുപേരും *ഈശോയെ രക്ഷിക്കണേ* എന്നു പറഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു.അവർ ഇരുപത്തൊന്നുപേരും കൊല്ലപ്പെട്ടത് വിശ്വാസത്തിന്റെ പേരിലായിരുന്നു. അതുകൊണ്ടുതന്നെ അവരെ രക്തസാക്ഷികളായി കരുതുകയാണെന്നും മാർ പാപ്പ വ്യക്തമാക്കി. ക്രൈസ്തവ സമൂഹത്തിനുനേരെ ഐഎസിസ് ഭീകരർ നടത്തിയ ആക്രമണത്തിൽ പോപ് ഫ്രാൻസീസ് അതീവ ദുഃഖം രേഖപ്പെടുത്തുകയും ചെയ്തു. കൊല്ലപ്പെട്ട ഇരുപത്തൊന്നുപേർ കോപ്റ്റിക് ഈജിപ്തുകാരോ, കത്തോലിക്കരോ, ഓർത്തഡോക്സോ ആരുമായിക്കൊള്ളട്ടെ, അവർ എല്ലാവരും ക്രിസ്ത്യാനികൾ ആണ്. ഏവരുടേയും രക്തം ഒരുപോലെയാണ്. അവർ ജീവൻ ബലിയർപ്പിച്ചത് സത്യവിശ്വാസത്തിന്റെ പേരിലാണ്. അതുകൊണ്ടുതന്നെ രക്തസാക്ഷികളായി ജീവിക്കുമെന്നും മാർപാപ്പ വെളിപ്പെടുത്തി.

## സെൽഫി ഫോട്ടോകൾ; മാതാപിതാക്കളുടെ ശ്രദ്ധ അനിവാര്യം : കെ.സി.ബി.സി.

വാട്സ് ആപ്പിലൂടെയും ഫെയ്സ് ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുകയാണെന്നും ഈ മേഖലയിൽ മാതാപിതാക്ക ളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണെന്നുംകെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ.വിൻസെന്റ് സാമുവേൽ, വൈസ് ചെയർമാന്മാരായ യുഹാനോൻ മാർ ക്രിസോസ്റ്റം, മാർ ജേക്കബ് മുരിക്കൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ ആഹ്വാനം ചെയ്തു.

കുട്ടികൾ തങ്ങളെത്തന്നെ വെളിപ്പെടുത്തുകവഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. സോഷ്യൽ മീഡിയായിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കാൻ സവിശേഷ ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരു മാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കാൻ എല്ലാ മാതാ പിതാക്കളും ശ്രദ്ധിക്കണമെന്ന് തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിൽ ബിഷപ്പുമാർ നിർദേശിച്ചു.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടേയും അതി വിൽക്കുന്നവരുടേയും എണ്ണം ഭയാനകരമായി വർദ്ധിച്ചുവരുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെപിടിക്കാനും ക്രൈസ്തവവിശ്വാസത്തിൽ വളരാനും കുട്ടികളെ പഠിപ്പിക്കണമെന്നും സർക്കുലറിൽ വ്യക്തമാക്കുന്നു.

സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കണം കുടുംബ യൂണിറ്റു കളുടേയും സഭാസംഘടനകളുടേയും പ്രവർത്തനങ്ങളിലിൽ പങ്കെടുക്കാനും സഭാ ധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാ ഹിപ്പിക്കണം.

## കുരിശിന്റെ വഴി

നോമ്പുകാലത്തിലെ എല്ലാ വെള്ളിയാഴ്ച്ചകളിലും ഉച്ചയ്ക്കു 12:45 ഗേൾസ് സ്‌ക്കൂൾ ഗ്രൗണ്ടിൽ വെച്ച് മലയാളത്തിലുള്ള കുരിശിന്റെ വഴി ഉണ്ടായിരിക്കുന്നതാണ്.

## വാർഷിക ധ്യാനം

നോമ്പുകാല ഒരുക്ക ശുശ്രൂഷയുടെ ഭാഗമായി എല്ലാ വർഷവും നടത്തിവരുന്ന മലയാളത്തിലുള്ള വാർഷിക ധ്യാനം ഈ വർഷം മാർച്ച് 9 തിങ്കൾ മുതൽ 12 വ്യാഴം വരെ വൈകിട്ട് 7:30 മുതൽ 9:30 വരെ ദുബായ് സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. ധ്യാനം നയിക്കുനത് ബഹുമാനപ്പെട്ട ഫാ: ഷാജി ഡൊമിനിക്. ഉപവാസ ദിനങ്ങൾ അനുഗ്രഹ പൂർവ്വമാക്കാൻ എല്ലാവരും ധ്യാനത്തിൽ പങ്കെടുക്കുമല്ലോ.

## പ്രൊലൈഫ് എക്സിബിഷൻ

**ജീവനെ സംരക്ഷിക്കൂ** എന്ന ആശയത്തോടെ, ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 13 നു വെള്ളിയാഴ്ച്ച പ്രൊലൈഫ് എക്സിബിഷൻ, സെന്റ് മേരീസ് ദേവാലയത്തിലെ ഫുട്ബോൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്നു. പ്രസ്തുത എക്സിബിഷനിലേക്ക് സർഗാത്മകമായ ആശയങ്ങൾ ക്ഷണിക്കുന്നു. എല്ലാ ജീസസ്സ് യൂത്ത് അംഗങ്ങൾ സംബന്ധിക്കുകയും എല്ലാവരിലേക്കും ഇതിനെക്കുറിച്ച് അറിയിക്കുകയും ചെയ്യുമല്ലോ ?.കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക. ഷിന്റോ (055 78 10 244)

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന സ്റ്റിയ ജോൺസൻ, ജോസഫ്.ഡി., ഷിജോ ജോർജ്ജ്, ഷിജു യൂജിൻ (ഫെബ്രുവരി 20), വിൽസൺ ജോർജ്ജ്, വിൻസി സ്റ്റീഫൻസൺ (22), ജോസഫ്. കെ.(23), സിന്റോ ജോസ്, ദീപു പോൾ, അനിൽ തോമസ് (25), ജോസഫ് പോൾ.കെ.പി., ബോണി ക്രിപ്രിൻ ജൂഡ് (26) എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇ – മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേയ്ക്ക് (***thoolikaa@gmail.com***) അയച്ചുതരുമല്ലോ.?

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4 –ൽ)

## സോണൽ കൂട്ടായ്മകൾ


- **കരാമ** – ജോർജ്ജ് (050–8872480)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ഷെറിൻ (052–7509024)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (052–9504930)
- **അൽഖൂസ്** – ജോസ് (055–7412601)
- **മുത്തീന** –ബിനോജ് ജോസഫ് (050–2538130)
- **അൽ ബറാഹ** –ടോജോ (055–8585125)
- **സത്‌വാ** –നിതിൻ (050–4508766)
- **ഹോർഅൽആൻസ്** –വിൻസൺ(055–4250709)
- **ഇന്റർനാഷണൽ സിറ്റി** – ഷിബിൻ (055–4673383)
- **സിലികോൺ ഒയാസീസ്** –ജോമി (052–9783044)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

***for private circulation (within the church compound) only***

***Thoolika*** *- Weekly newsletter of Dubai Jesus Youth.*
***Published by****: (Mathew Eappan) for Literature & Media Ministry of Jesus Youth, Dubai*
***Patron****: Rev. Fr. Seraphin OFM Cap.* ***Animator****:Sebastian Dicrus*
***Editor****: Shabu Chummar (055-4960319)* ***Cover****: Anish Mathew*
***E-mail****: thoolikaa@gmail.com* ***Web:*** http://thoolikaa.org & http://thoolikaa.net



അവനിലുള്ള വിശ്വാസത്തിലും, സന്തോഷത്തിലും, നാം നമ്മുടെ നോയമ്പുകാലയാത്ര തുടങ്ങിയിരിക്കുന്നു....
രൂപാന്തരീകരണത്തിന് വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക്, "പൂർണ്ണഹൃദയത്തോടെ കർത്താവിങ്കലേയ്ക്ക് തിരിയാം" അത് നമ്മെ തീർച്ചയായും അവനുള്ളതാക്കി മാറ്റും. ആഴത്തിലുള്ള ഈ വിശ്വാസം നമുക്കുണ്ടായിരിക്കുകയും, അവന്റെ അനുഗ്രഹം നമ്മെ പുതിയ മനുഷ്യരാക്കുകയും ചെയ്യും. അങ്ങനെ നാം അവന് അനുരൂപരാകട്ടെ.....

ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ

**Jesus Youth**
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPOUND ONLY)